ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 16.11.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. ഗോത്ര സമൂഹങ്ങളുടെ ക്ഷേമം സർക്കാരിൻ്റെ പ്രധാന മുൻഗണനയെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി; ജൻജാതീയ ഗൗരവ് ദിനത്തോടനുബന്ധിച്ച് 9,700 കോടി രൂപയുടെ വികസന പദ്ധതികളുടെ ശിലാസ്ഥാപനം പ്രധാനമന്ത്രി നിർവ്വഹിച്ചു.

   **Prime Minister Narendra Modi says that tribal welfare has always been the highest priority for their government; PM lays foundation stone of development projects worth Rs 9,700 crore on Janjatiya Gaurav Divas..**

2. ഹരിയാനയിലെ ഫരീദാബാദിൽ നാളെ നടക്കുന്ന നോർത്തേൺ സോണൽ കൗൺസിൽ യോഗത്തിൽ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ അധ്യക്ഷത വഹിക്കും.

   **Union Home Minister Amit Shah to chair Northern Zonal Council meeting in Haryana's Faridabad tomorrow.**

3. വ്യാജ അക്രഡിറ്റേഷൻ അവകാശ വാദങ്ങളുടെ പേരിൽ വഞ്ചനയ്ക്കും വ്യാജരേഖ ചമച്ചതിനും അൽഫലാഹ് സർവ്വകലാശാലയ്ക്കെതിരെ ഡൽഹി പോലീസ് കേസെടുത്തു..

   **The Delhi Crime Branch has filed two separate FIRs against Al-Falah University, one for cheating and the other under sections of forgery.**

4. കേരളത്തിൽ ¬തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിൻറെ ഭാഗമായുള്ള എന്യുമറേഷൻ ഫോം വിതരണം 90 ശതമാനം പൂർത്തിയായെന്ന് മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ.

   **Distribution of enumeration forms as part of Kerala's SIR .**

5. മണ്ഡല മകരവിളക്ക് തീർത്ഥാടനത്തിനായിഇന്നു വൈകിട്ട് ശബരിമല നട തുറക്കും.

**Sabarimala temple to open for Mandala Makaravilakku pilgrimage this evening.**

6. കൊൽക്കത്ത ക്രിക്കറ്റ് ടെസ്റ്റിൽ ദക്ഷിണാഫ്രിക്കയ്ക്കെതിരെ ഇന്ത്യയ്ക്ക് ജയ പ്രതീക്ഷ; രഞ്ജി ട്രോഫിയിൽ കേരളം ഇന്ന് മധ്യപ്രദേശിനെ നേരിടും.

**India is aiming for a victory against South Africa in the Kolkata Test match, while Kerala is set to take on Madhya Pradesh today in the Ranji Trophy.**

☸☸☸☸☸☸☸☸☸☸☸☸☸

## PM -TRIBAL (INTRO)

ഗോത്ര സമൂഹങ്ങൾ നേരിടുന്ന അനീതികൾ അവസാനിപ്പിക്കാനാണ് കേന്ദ്ര സർക്കാർ ലക്ഷ്യമിടുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. സ്വാതന്ത്ര്യ സമര സേനാനിയും ഗോത്ര നേതാവുമായ ബിർസ മുണ്ടയുടെ 150-ാമത് ജന്മ വാർഷികത്തോടനുബന്ധിച്ച് നർമ്മദ ജില്ലയിൽ സംഘടിപ്പിച്ച ജൻജാതീയ ഗൗരവ് ദിവസ് പരിപാടിയിൽ സംസാരിക്കുക യായിരുന്നു പ്രധാനമന്ത്രി. രാജ്യത്തിൻ്റെ അഭിമാനം സംരക്ഷിക്കുന്ന തിലും സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിന് സംഭാവന നൽകുന്നതിലും ഗോത്ര സമൂഹങ്ങൾ നിർണായക പങ്ക് വഹിച്ചതായി അദ്ദേഹം പറഞ്ഞു.

(**VOICE**)

വികസനത്തിൻ്റെ നേട്ടങ്ങൾ ഗോത്ര സമൂഹങ്ങൾക്ക് ലഭ്യമാകുന്നു ണ്ടെന്ന് ഉറപ്പാക്കുമെന്നും ഇവരുടെ ക്ഷേമം സർക്കാരിൻ്റെ പ്രധാന മുൻഗണന ആണെന്നും അദ്ദേഹം പറഞ്ഞു. ജൻജാതീയ ഗൗരവ് ദിനത്തിൽ 9,700 കോടി രൂപയുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതികളുടെ ശിലാസ്ഥാപനവും പ്രധാനമന്ത്രി നിർവ്വഹിച്ചു.

☸☸☸☸☸☸☸☸☸☸☸☸☸

## SHAH NZC MEETING

ഹരിയാനയിലെ ഫരീദാബാദിൽ നാളെ നടക്കുന്ന നോർത്തേൺ സോണൽ കൗൺസിൽ യോഗത്തിൽ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ അധ്യക്ഷത വഹിക്കും. പഞ്ചാബ്, ഹരിയാന, ഹിമാചൽ പ്രദേശ് മുഖ്യമന്ത്രി

മാർ, ഡൽഹി, ജമ്മു കശ്മീർ, ലഡാക്ക് എന്നിവിടങ്ങളിലെ ലെഫ്റ്റനന്റ് ഗവർണർമാർ, ചണ്ഡീഗഡ് അഡ്മിനിസ്ട്രേറ്റർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുക്കുമെന്നാണ് സൂചന. 32-ാമത് NZC യോഗത്തിൽ സംസ്ഥാന സർക്കാരുകൾ തമ്മിലുള്ള ഏകോപനം, ജലം പങ്കിടൽ, വികസന പ്രവർത്ത നങ്ങൾ എന്നിവ ചർച്ചയാകും. സംസ്ഥാന, കേന്ദ്ര ഏജൻസികളുടെ ഏകോപനത്തിൽ ഫരീദാബാദിൽ നിന്ന് വൻതോതിൽ സ്ഫോടക വസ്തുക്കൾ പിടിച്ചെടുത്തിരുന്നു. 'വൈറ്റ് കോളർ' ഭീകര മൊഡ്യൂൾ തകർത്ത് ദിവസങ്ങൾക്ക് ശേഷമാണ് യോഗം ചേരുന്നത്.

## DELHI - ALFALAH FIR

വ്യാജ അക്രഡിറ്റേഷൻ അവകാശ വാദങ്ങളുടെ പേരിൽ വഞ്ചനയ്ക്കും വ്യാജരേഖ ചമച്ചതിനും അൽഫലാഹ് സർവ്വകലാശാലക്കെതിരെ ഡൽഹി പോലീസ് കേസെടുത്തു. യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷനും നാഷണൽ അസസ്മെന്റ് ആൻഡ് അക്രഡിറ്റേഷൻ കൗൺസിലും നടത്തിയ അവലോ കനങ്ങളിൽ സർവകലാശാലയിൽ ഗുരുതരമായ ക്രമക്കേടുകൾ കണ്ടെത്തി യിരുന്നു. തുടർന്നാണ് എഫ്ഐആറുകൾ രജിസ്റ്റർ ചെയ്തത്.

## METRO-RED FORT

ഡൽഹിയിലെ ലാൽ ഖില മെട്രോ സ്റ്റേഷൻ്റെ രണ്ട്, മൂന്ന് ഗേറ്റുകൾ യാത്രക്കാർക്കായി തുറന്നുകൊടുത്തതായി ഡൽഹി മെട്രോ റെയിൽ കോർപ്പറേഷൻ അറിയിച്ചു. ചുവപ്പു കോട്ടയ്ക്ക് സമീപം തിങ്കളാഴ്ച ഉണ്ടായ സ്ഫോടനത്തെത്തുടർന്ന് ലാൽ ഖില മെട്രോ സ്റ്റേഷൻ അടച്ചിരുന്നു.

## GOA - IFFI

ഇന്ത്യൻ പാരമ്പര്യങ്ങളെ ആഘോഷിക്കുന്ന വർണ്ണാഭമായ സാംസ്കാരിക ഘോഷയാത്രയോടെ ആയിരിക്കും 56-ാമത് ഗോവ ചലച്ചിത്രമേള ആരംഭിക്കുകയെന്ന് കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ സഹമന്ത്രി എൽ. മുരുഗൻ.വേവ്സ് ഫിലിം ബസാർ, യുവ-വനിതാ ചലച്ചിത്ര പ്രവർത്തകരെ പിന്തുണയ്ക്കുന്നതിനുള്ള പ്രത്യേക വേദികൾ എന്നിവയും മേളയുടെ ഭാഗമായി ഉണ്ടാകുമെന്ന് അദ്ദേഹം അറിയിച്ചു.

(**VOICE**)

നവംബർ 20 മുതൽ 28 വരെ പനാജിയിലാണ് ചലച്ചിത്രോത്സവം നടക്കുന്നത്. മേളയുടെ എല്ലാ വേദികളിലേക്കും സൗജന്യ ഗതാഗത സൗകര്യവും ഒരുക്കിയിട്ടുണ്ട്.

☸☸☸☸☸☸☸☸☸☸☸☸☸

## PURI - KOREA

ഇന്ത്യയുടെതടക്കം ആഗോള വിപണിയുടെ വർദ്ധിച്ചുവരുന്ന ആവശ്യകതകൾ നിറവേറ്റാൻ കപ്പൽ നിർമ്മാണത്തിനായുള്ള ഇന്ത്യ-കൊറിയ സഹകരണ മാതൃകയ്ക്ക് കഴിയുമെന്ന് പെട്രോളിയം, പ്രകൃതിവാതക മന്ത്രി ഹർദീപ് സിംഗ് പുരി. കപ്പൽ നിർമ്മാണമേഖലയിൽ കൊറിയയ്ക്ക് സാങ്കേതിക വൈദഗ്ധ്യവും പരിചയവുമുണ്ട്. വൈദഗ്ധ്യമുള്ള മാനവ വിഭവ ശേഷിയും അനുകൂലമായ നയങ്ങളും വാഗ്ദാനം ചെയ്യുന്ന രാജ്യമാണ് ഇന്ത്യയെന്നും അത് വിജയകരമായ പങ്കാളിത്തത്തിലേക്ക് നയിക്കുമെന്നും ശ്രീ പുരി പറഞ്ഞു. മൂന്ന് ദിവസത്തെ സന്ദർശനത്തിനായാണ് മന്ത്രി ദക്ഷിണ കൊറിയയിലെത്തിയത്.

☸☸☸☸☸☸☸☸☸☸☸☸☸

## TRUMP FOOD IMPORTS

ഭക്ഷ്യ ഇറക്കുമതിയുടെ തീരുവ കുറച്ച് യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്. വിലക്കയറ്റം നേരിടാനാണ് നടപടിയെന്നാണ് സൂചന. ഇന്ത്യയുടെ മാമ്പഴം, മാതളനാരങ്ങ, തേയില കയറ്റുമതിയ്ക്ക് ഇത് നേട്ടമാകും. തീരുവ കുറച്ച മറ്റ് ഇനങ്ങളിൽ കാപ്പിയും ചായയും, കൊക്കോ, ഓറഞ്ച്, തക്കാളി, ബീഫ് എന്നിവയും ഉൾപ്പെടുന്നു. ജനറിക് മരുന്നുകളുടെ തീരുവ മുമ്പ് ഒഴിവാക്കിയിരുന്നു. യുഎസിൽ ജനറിക് മരുന്നുകളുടെ 47 ശതമാനം വിതരണം ചെയ്യുന്ന ഇന്ത്യയ്ക്ക് ഈ തീരുമാനവും ഗുണം ചെയ്യു.

☸☸☸☸☸☸☸☸☸☸☸☸☸

## BIHAR NEW GOVERNMENT

ബീഹാറിൽ നിയമസഭാ തെരഞ്ഞെടുപ്പ് പൂർത്തിയായതിന് പിന്നാലെ, പുതിയ സർക്കാർ രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട അനൗപചാരിക ചർച്ചകൾ ആരംഭിച്ചു. കേന്ദ്രമന്ത്രിയും ലോക് ജനശക്തി പാർട്ടി (റാം

വിലാസ്) മേധാവിയുമായ ചിരാഗ് പാസ്വാൻ ജനതാദൾ (യുണൈറ്റഡ്) അധ്യക്ഷനും മുഖ്യമന്ത്രിയുമായ നിതീഷ് കുമാറുമായി കൂടിക്കാഴ്ച നടത്തി. സർക്കാർ രൂപീകരണം സംബന്ധിച്ചു, രണ്ട് ദിവസത്തിനുള്ളിൽ അന്തിമ തീരുമാനം ആകുമെന്ന് ബിജെപി സംസ്ഥാന അധ്യക്ഷൻ ഡോ. ദിലീപ് ജയ്സ്വാൾ അറിയിച്ചു.

## KERALA- ALL PARTY MEETING

സംസ്ഥാനത്ത് തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിൻറെ ഭാഗമായുള്ള എന്യുമറേഷൻ ഫോം വിതരണം 90.42 ശതമാനംപൂർത്തിയായെന്ന് മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു ഖേൽക്കർ. വൈകിട്ടോടെ 2 കോടി 51ലക്ഷത്തി 82,253 പേർക്ക് ഫോറം നൽകാനായി. എന്യുമറേഷൻ ഫോം ലഭിക്കാത്തവർക്കായി പ്രത്യേക യജ്ഞം നടത്തും. മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു ഖേൽക്കർ. എസ് ഐ ആർ സംബന്ധിച്ച് തിരുവനന്തപുരത്ത് വിളിച്ചു ചേർത്ത സർവ്വകക്ഷി യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

## KERALA ELECTION

സംസ്ഥാനത്ത് തദ്ദേശ പൊതുതിരഞ്ഞെടുപ്പിനുള്ള നാമ നിർദേശ പത്രിക സമർപ്പണം പുരോഗമിക്കുന്നു. പത്രിക സമർപ്പണത്തിൻ്റെ ആദ്യദിന മായ ഇന്നലെ സംസ്ഥാനത്ത് 42 പേർ നാമ നിർദേശ പത്രിക സമർപ്പിച്ചു. ഈ മാസം 21 വരെയാണ് പത്രികാ സമർപ്പണം. 1,199 തദ്ദേശ സ്ഥാപനങ്ങ ളിലെ 23,576 വാർഡുകളിലേക്ക് അടുത്ത മാസം 9, 11 തീയതികളിൽ രണ്ട് ഘട്ടങ്ങളായാണ് വോട്ടെടുപ്പ്. 13 ന് വോട്ടെണ്ണൽ നടക്കും.

## SABARIMALA (INTRO)

നാളെ വൃശ്ചികം ഒന്ന്. ശബരിമല മണ്ഡല മകരവിളക്ക് കാലത്തിനായി ഇന്നു വൈകിട്ട് നടതുറക്കും. പ്രത്യേക ദിനങ്ങളൊഴികെ നാളെ മുതൽ 90,000 പേർക്ക് ദർശനം ലഭ്യമാകും.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ.

(വോയ്സ്)

☸☸☸☸☸☸☸☸☸☸☸☸☸

## KALPATHI - PALAKKAD

പാലക്കാട് കല്പാത്തിയിൽ ഇന്ന് ദേവരഥ സംഗമം. സന്ധ്യയ്ക്ക് അഞ്ചിനും ഏഴിനുമിടക്ക് വിശാലാക്ഷി സമേത വിശ്വനാഥ സ്വാമി ക്ഷേത്രത്തിനടുത്തുള്ള തേരുമുട്ടിയിലാണ് ആറ് രഥങ്ങൾ മുഖാമുഖമെത്തുക. രണ്ടാം തേരുനാളായ ഇന്നലെ പുതിയ കല്പാത്തി മന്തക്കര മഹാഗണപതിയുടെ രഥാരോഹണം നടന്നു. മന്തക്കരയിലെ രഥവും ഒന്നാം തേരുനാളിൽ വീഥിയിലെത്തിയിരുന്ന വിശാലാക്ഷി സമേത വിശ്വനാഥസ്വാമി ക്ഷേത്രത്തിലെ മൂന്ന് രഥങ്ങളും ഉൾപ്പെടെ നാല് രഥങ്ങൾ ഇന്നലെ പ്രയാണം നടത്തി.

☸☸☸☸☸☸☸☸☸☸☸☸☸

## IND VS SA

കൊൽക്കത്ത ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യയ്ക്ക് ജയ പ്രതീക്ഷ. ദക്ഷിണാഫ്രിക്കയ്ക്കെതിരെ ഇന്ത്യ 30 റണ്ണിൻറെ ഒന്നാം ഇന്നിംഗ്സ് ലീഡ് നേടി. നേരത്തെ ഇന്ത്യയുടെ ഒന്നാം ഇന്നിംഗ്സ് 189 റൺസിന് അവസാനിച്ചിരുന്നു. രണ്ടാം ഇന്നിംഗ്സ് മറുപടി ബാറ്റിംഗിനിറങ്ങിയ ദക്ഷിണാഫ്രിക്ക രണ്ടാം ദിനം മത്സരം അവസാനിപ്പിക്കുമ്പോൾ 7 വിക്കറ്റിന് 93 റൺസ് എന്ന നിലയിലാണ്.

☸☸☸☸☸☸☸☸☸☸☸☸☸

## RENJI TROPHY

രഞ്ജി ട്രോഫിയിൽ കേരളം ഇന്ന് മധ്യപ്രദേശിനെ നേരിടും. ഇൻഡോറിലെ ഹോൾക്കർ സ്റ്റേഡിയത്തിലാണ് മത്സരം. കഴിഞ്ഞ കളിയിൽ സൗരാഷ്ട്രയ്ക്കെതിരെ കാഴ്ചവച്ച മികച്ച പ്രകടനത്തിന്റെ ആത്മവിശ്വാസവുമായാണ് കേരളം കളിക്കാനിറങ്ങുക. ആദ്യ ഇന്നിങ്സ് ലീഡിന്റെ മികവിൽ മത്സരത്തിൽ നിന്ന് കേരളം മൂന്ന് പോയിന്റ് സ്വന്തമാക്കിയിരുന്നു. ഇതുൾപ്പടെ കേരളത്തിന് ആകെ അഞ്ച് പോയിന്റാണുള്ളത്.

## FIDE CHESS WORLD CUP

ഗോവയിലെ അർപോറയിൽ നടന്ന 2025 ലെ ഫിഡെ ചെസ് ലോകകപ്പിന്റെ ക്വാർട്ടർ ഫൈനലിലേക്ക് യോഗ്യത നേടി ഗ്രാൻഡ്മാസ്റ്റർ അർജുൻ എറിഗൈസി. രണ്ട് തവണ ലോക കപ്പ് ചാമ്പ്യനായ ലെവോൺ ആരോണിയനെ ആണ് അർജുൻ തോൽപ്പിച്ചത്.

അർജുന് പുറമെ ലോകകപ്പിന്റെ അഞ്ചാം റൗണ്ടിലെത്തിയ ഏക ഇന്ത്യൻ താരമായ പെന്റല ഹരികൃഷ്ണയുടെയും എതിരാളി ജോസ് മാർട്ടിനെസിന്റെയും രണ്ട് മത്സരങ്ങളും സമനിലയിൽ പിരിഞ്ഞു. ഇന്ന് ഇവരുടെ ടൈബ്രേക്കർ മത്സരം നടക്കും.